# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *637

12..07..2012-ൽ മറുപടിക്ക്.

### പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എം.എ. വാഹീദ്
ശ്രീ.പാലോട് രവി
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

(എ) പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സംരംഭങ്ങളെ സഹായിക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ)യും(ബി) യും ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പുതുതായി വ്യവസായ എസ്റ്റേറ്റുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുക, ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ഗ്രാന്റ്, വിപണന സഹായം, നിലവിലുള്ള വ്യവസായങ്ങളുടെ വികസനം, പുതിയ ടെക്നോളജി വികസിപ്പിക്കൽ, ശേഷി വികസനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതുതായി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ വ്യവസായ നിക്ഷേപകർക്കായി സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും കിൻഫ്ര ലഭ്യമാക്കിയിട്ടുണ്ട്.

കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യവും വൻകിട പദ്ധതികൾക്ക് ഓഹരി മൂലധന നിക്ഷേപവും നൽകി വരുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ അനുകൂല സാഹചര്യങ്ങൾ ഇന്ത്യയ്ക്കുള്ളിലും അന്താരാഷ്ട്രതലത്തിലും അവതരിപ്പിച്ച് വൻതോതിലുള്ള നിക്ഷേപം ഉറപ്പാക്കാനും സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുവാനും വേണ്ടി എമർജിംഗ് കേരള 2012- നിക്ഷേപ സംഗമം

സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് നടത്തുന്നുണ്ട്.

വ്യവസായ സംരംഭകർക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ചെയ്യുന്ന പ്രവർത്തന ങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ഇതിനുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

(സി)വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 55.05 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാനത്തെ വൻ നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കിൻഫ്രയുടെ നേതൃത്വത്തിൽ വൻകിട വ്യാപാര വാണിജ്യ മേഖലകൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിൻഫ്രയ്ക്ക് 100 കോടി രൂപവകയിരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സംസ്ഥാനത്തെ ലോക ആയുർവേദ തലസ്ഥാനം എന്ന പദവിയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി കിൻഫ്രയുടെ സഹകരണത്തോടെ ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുകയും വകയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

*637

# അനുബന്ധം.

1. കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകുക.
2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.
3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.
4. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസകളും ലൈസൻസുകളും വേഗമാക്കൽ.
5. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നല്കിവരുന്നു.
6. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.
7. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു.
8. ലഘു ചെറുകിട സംരംഭകരുടെ ഉല്പന്ന വില്പനയിലൂടെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനുള്ള തർക്കങ്ങൾ പരിഹരിച്ച് തുക ലഭ്യമാക്കാൻ മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിച്ച് പ്രവർത്തിച്ചു വരുന്നു.
9. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.
10. സംരംഭകത്വ സഹായപദ്ധതിയിൻ കീഴിൽ നിക്ഷേപ സബ്സിഡി, ഊന്നൽ മേഖലയ്ക്കും വനിതാ പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരക്കും പിന്നോക്കജില്ലകൾക്കും പ്രത്യേക ആനുകൂല്യങ്ങൾ.
11. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.
12. നിയന്ത്രിത അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു.
13. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.
14. വ്യവസായം തുടങ്ങുന്നതനിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.
15. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ.